വൈദ്യുത ബില്ലുകൾ മാസംതോറും നൽകാൻ നടപടി

66 (1218) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോട്ട്ബില്ലിംഗ് സമ്പ്രദായം അനുസരിച്ച് രണ്ട് മാസത്തേക്കുള്ള ബില്ലുകൾ തയ്യാറാക്കുന്നതിന് പകരം മാസംതോറും ബില്ലുകൾ തയ്യാറാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ബി) ഓരോ മാസത്തേക്കുള്ള കറന്റ് ചാർജ്ജ് നൽകുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

വൈദ്യുതി ബോർഡിന് കിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക

67 (1219) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 മുതൽ 1999-2000 വരെയും 2000-2001-ൽ 2000 ഡിസംബർ 31 വരെയും വൈദ്യുതി ബോർഡിന് കിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി കുടിശ്ശികയിൽ ഈ ഓരോ വർഷവും എഴുതിത്തള്ളിയ കിട്ടാക്കടം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(സി) വൈദ്യുതി കുടിശ്ശിക ഈടാക്കുന്നതിന് എത്ര റവന്യു റിക്കവറി നടപടികൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ നടപടികൾ ഉൾപ്പെട്ടിട്ടുള്ള ഒട്ടാകെ തുക എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 31-3-2000 വരെയുള്ള കണക്കനുസരിച്ച് 345 കോടി രൂപ നാളിതുവരെ പിരിഞ്ഞുകിട്ടാനുണ്ട്. 2000-2001-ൽ 2000 ഡിസംബർ 31 വരെയുള്ള കണക്കുകൾ ശേഖരിച്ചു നല്കുന്നതാണ്.

(ബി) 1996-97 - 33,528 രൂപ
1997-98 - ഇല്ല.
1998-99 - 3,918.30 രൂപ
1999-2000-ലെ കണക്ക് ശേഖരിച്ചു നല്കുന്നതാണ്.

(സി) 4573 എണ്ണം.

(ഡി) 870.78 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly